DESPATCHED
On 23.11.21...

30/10/2021




സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ AP No.236(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.2629/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഒ.കെ. മുഹമ്മദ് റാഫി,
ഒറവിൽ ഹൗസ്,
പി.ഒ. അങ്ങാടി,
പാലക്കാട്-679 552 — അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   സംസ്ഥാന ചരക്കു സേവന നികുതി
   ഓഫീസറുടെ കാര്യാലയം,
   മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി-679 303
2. അപ്പീൽ അധികാരി &
   സംസ്ഥാന നികുതി ജോയിന്റ് കമ്മീഷണർ,
   സംസ്ഥാന ചരക്കു സേവന നികുതി
   വകുപ്പ്, പാലക്കാട് — എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 02.12.2020, 26.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.12.2020, 29.01.2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.01.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15.02.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 17.02.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12.03.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 09.04.2021 |
| ആഡിയോ ഹിയറിംഗ് തീയതി | 20.10.2021 |

| | |
|---|---|
| ഹിയറിംഗിലെ സാന്നിദ്ധ്യം | |
| ഹർജിക്കാരൻ | ഹാജരായി |
| ഒന്നാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഒ.കെ. മുഹമ്മദ് റാഫി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം പട്ടാമ്പി സെയിൽസ് ടാക്സ് ഓഫീസിലെ വിവരാവകാശ ഓഫീസർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ വിവരങ്ങൾ ലഭ്യമാക്കിയില്ലെന്നും ആയതിനാൽ ഒന്നാം അപ്പീൽ അധികാരിയായ ജോയിന്റ് കമ്മീഷണർ, വാണിജ്യ വകുപ്പ് മുമ്പാകെ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന്മേൽ അപ്പീൽ അധികാരി മറുപടി ലഭ്യമാക്കാൻ തയ്യാറായില്ലെന്നും എന്നാൽ പാലക്കാട് വിവരാവകാശ ഓഫീസർ മുമ്പാകെ ഇതേ ചോദ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സമർപ്പിച്ച വിവരാവകാശ അപേക്ഷയിന്മേൽ വ്യക്തമായ മറുപടി ലഭ്യമാക്കിയെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് വിവരങ്ങൾ നിഷേധിച്ച എതിർകക്ഷികൾക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 02.12.2020 ൽ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത്, Jindal roofing sheet സ്ക്വയർ ഫീറ്റിന് 26 രൂപ വെച്ച് എടുത്തതിൽ net amount 78,091.52 കാണിച്ചിരിക്കുന്നുവെന്നും GST 0% എന്ന് കാണിച്ചിരിക്കുന്നുവെന്നും ബില്ലിൽ അവസാനം CESS 64.61 ഉം കാണിച്ചിരിക്കുന്നുവെന്നും എന്നാൽ Total 70846.70 രൂപ കാണിച്ചിരിക്കുന്നു

വെന്നും 773 രൂപ വ്യത്യാസം ഉണ്ടെന്നും ആയത് CESS ആണെന്ന് കടക്കാരൻ പറയുന്നുവെന്നും എങ്കിൽ അവസാനം 64.61 എന്താണ് എന്നും ടി ബിൽ തെറ്റല്ലേ എന്നും ഇതിനെപ്പറ്റി താങ്കളുടെ റിമാർക്സ് എന്താണെന്നും, ടി ബിൽ തുക നെറ്റ് എമൗണ്ട് എന്നത് ലാസ്റ്റ് പെയ്മെന്റ് സംഖ്യയല്ലേ എന്നും including tax അല്ലേ എന്നും ഉപഭോക്താവ് net amount അല്ലേ pay ചെയ്യേണ്ടതെന്നും സാധനങ്ങളുടെ പേര് എല്ലാം വ്യക്തമായി എഴുതേണ്ടതല്ലേ എന്നും എങ്കിലല്ലേ പരാതിപ്പെടാനും മറ്റും പിന്നെ പറ്റുകയുള്ളുവെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 18.12.2020 ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ, ചോദ്യത്തിൽ വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള വ്യാഖ്യാനവും നിയമ ചോദ്യവും വിവരാവകാശ നിയമപ്രകാരം 'വിവരം' ആയി കണക്കാക്കാനാവില്ല ആയതിനാൽ ബന്ധപ്പെട്ട വിവരം നൽകാനാകില്ലെന്നും, നിയമപ്രശ്നത്തിനുള്ള ഉത്തരം വിവരാവകാശ നിയമപ്രകാരം 'വിവരം' എന്ന നിലയിൽ നൽകാൻ കഴിയില്ലെന്നും അറിയിച്ചതായി കാണുന്നു. ആയതിനാൽ ടിയാൻ 26.12.2020 ൽ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചു. ടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി നിയമാനുസൃതമാണെന്നു പ്രസ്താവിച്ച് അപ്പീൽ അപേക്ഷ നിരസിച്ചതായി കാണുന്നു. ആയതിനാൽ ഹർജിക്കാരൻ പാലക്കാട് ജോയിന്റ് കമ്മീഷണർ മുമ്പാകെ 26.12.2020 ൽ വീണ്ടും വിവരാവകാശ നിയമ പ്രകാരം അപേക്ഷ നൽകിയതായി കാണുന്നു. ടി അപേക്ഷയിൽ ആവശ്യപ്പെട്ടത്, ജി.എസ്.റ്റി./കെ.ജി.എസ്.റ്റി. 0% കാണിച്ചിരിക്കുന്ന വസ്തുവിന് സെസ്സ് ഈടാക്കാമോ എന്നും

ജി.എസ്.റ്റി./കെ.ജി.എസ്.റ്റി. എത്ര ശതമാനത്തിന് മുകളിൽ ഉള്ളതിനാണ് സെസ്സ് നൽകേണ്ടതെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 29.01.2021 ൽ കേരള സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് മാനേജർ (എസ്.പി.ഐ.ഒ.) കൃത്യമായ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

3. രണ്ടാം എതിർകക്ഷി 09.04.2021 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിലൂടെ അറിയിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ ഒന്നാം എതിർകക്ഷി മുമ്പാകെയും രണ്ടാം എതിർകക്ഷി മുമ്പാകെയും സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾ വിവരാവകാശ നിയമപ്രകാരം വിവരം എന്ന ഗണത്തിൽപ്പെടുന്നവയല്ലാത്തതും നിയമപ്രശ്നങ്ങൾ ഉള്ളതുമാണെന്നും ആയതിനാൽ അവ വിവരാവകാശ നിയമം 2(എഫ്) ന്റെ പരിധിക്കുള്ളിൽ വരുന്നവയല്ലെന്നും നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും വ്യാഖ്യാനിക്കുന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ലാത്തതിനാലാണ് ഒന്നാം എതിർകക്ഷി നൽകിയ മറുപടി ശരിവച്ചുകൊണ്ട് ഒന്നാം അപ്പീൽ തള്ളി ഉത്തരവായതെന്നും ഹർജികക്ഷി പാലക്കാട് വിവരാവകാശ ഓഫീസർ ടിയാന്റെ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകി എന്നു കാണിച്ചാണ് രണ്ടാം അപ്പീൽ നൽകിയതെന്നും എന്നാൽ രണ്ട് കാര്യാലയങ്ങളിൽ വിവരാവകാശ നിയമ പ്രകാരം സമർപ്പിച്ച അപേക്ഷകളും അവയിലെ ചോദ്യങ്ങളും വ്യത്യസ്തങ്ങളായിരുന്നുവെന്നും ഒന്നാം എതിർകക്ഷി മുമ്പാകെ ചോദിച്ച ചോദ്യങ്ങൾ വിവരാവകാശ നിയമ പ്രകാരം 'വിവരം' എന്ന ഗണത്തിൽപ്പെടുന്നവയല്ലെന്നും നിയമപ്രശ്നങ്ങൾ ഉള്ളതായിരുന്നുവെന്നും എന്നാൽ പാലക്കാട് വിവരാവകാശ ഓഫീസർ

മുമ്പാകെ സമർപ്പിച്ച ചോദ്യങ്ങൾ അത്തരത്തിൽ ഉള്ളവയായിരുന്നില്ലെന്നും ആയതിനാലാണ് കൃത്യമായ മറുപടി ലഭ്യമാക്കിയതെന്നും മറ്റുമാണ്. ഹർജികക്ഷി അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ 19.01.2021 ന് നേരിട്ട് ഹാജരായി ആക്ഷേപങ്ങൾ ബോധിപ്പിക്കുകയുണ്ടായിയെന്നും അതനുസരിച്ച് അപ്പീൽ അപേക്ഷയിലെ ചോദ്യങ്ങൾ 1,4,5 എന്നിവയിൽ ഇൻവോയ്സിന്റെ സാധുത സംബന്ധിച്ച ചോദ്യം ഒഴികെ മറ്റുള്ളവയിൽ ഒന്നും തന്നെ എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ എതിർപ്പ് ഉന്നയിക്കുന്നില്ല എന്ന് ഹർജികക്ഷി വ്യക്തമാക്കിയിരുന്നു എന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 02.12.2020 ലെ വിവരാവകാശ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 18.12.2020 തീയതി നൽകിയ മറുപടിയിൽ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടവ 'വിവരം' എന്നുള്ള നിലവിൽ കണക്കാക്കാനാവില്ല എന്നറിയിച്ചതായി കാണുന്നു. എന്നാൽ ടിയാൻ 26.12.2020 ൽ പാലക്കാട് വിവരാവകാശ ഓഫീസർ മുമ്പാകെ ഇതേ ചോദ്യങ്ങളുമായി ബന്ധപ്പെട്ട് മറ്റൊരു അപേക്ഷ സമർപ്പിച്ചു. ആയതിന് കൃത്യമായ മറുപടി 29.01.2021 ൽ പാലക്കാട് വിവരാവകാശ ഓഫീസർ ലഭ്യമാക്കിയതായി കാണുന്നു. എന്നിരുന്നാലും ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ ഹിയറിംഗിൽ ബോധിപ്പിച്ചത്. കൂടാതെ ഇതേ ചോദ്യത്തിന് പാലക്കാട് വിവരാവകാശ ഓഫീസർ ടിയാന് മറുപടി ലഭ്യമാക്കിയിരുന്നുവെന്നും ഒന്നാം എതിർകക്ഷി വിവരാവകാശ അപേക്ഷ

നിരസിച്ചുവെന്നുമാണ് മൊഴി നൽകിയത്. എന്നാൽ ഒന്നാം എതിർകക്ഷി മൊഴി നൽകിയത്, ഹർജികക്ഷി ഒന്നാം എതിർകക്ഷി മുമ്പാകെ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾ വിവരാവകാശ നിയമപ്രകാരം വിവരം എന്ന ഗണത്തിൽപ്പെടുന്നവയല്ലെന്നും നിയമപ്രശ്നങ്ങൾ ഉള്ളതായിരുന്നുവെന്നും എന്നാൽ പാലക്കാട് വിവരാവകാശ ഓഫീസർ മുമ്പാകെ സമർപ്പിച്ച അപേക്ഷയിലെ ചോദ്യങ്ങൾ വ്യത്യസ്തങ്ങളായിരുന്നുവെന്നും ആയതിനാലാണ് കൃത്യമായ മറുപടി ലഭ്യമാക്കിയതെന്നും ഒരു ബില്ലിനെ അടിസ്ഥാനമാക്കി ആയതിനെ ചോദ്യം ചെയ്യുന്ന രീതിയിലുള്ള വിവരാവകാശ അപേക്ഷയാണ് ഹർജികക്ഷി നൽകിയതെന്നും ആയതിന് വിവരാവകാശ നിയമത്തിന്റെ അന്തസത്തക്ക് നിരക്കുന്ന രീതിയിലുള്ള മറുപടി നൽകാൻ വിവരാവകാശ നിയമം 2(എഫ്) അനുവദിക്കുന്നില്ലെന്നും ആയത് നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും വ്യാഖ്യാനിക്കുന്നില്ലെന്നുമാണ്. ഹർജികക്ഷി രണ്ടു കാര്യായലങ്ങളിലും നൽകിയിരിക്കുന്നത് ഒരേ വിഷയമാണെങ്കിലും വ്യത്യസ്ത രീതിയിലാണ് ചോദ്യങ്ങൾ ഉന്നയിച്ചിരിക്കുന്നതെന്നു കമ്മീഷന് ബോധ്യമാകുന്നു. വിവരാവകാശ നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും വ്യാഖ്യാനിക്കുന്നത് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളല്ല. ആയതിനാൽ ഒന്നാം എതിർകക്ഷി ഹർജിക്കാരന്റെ 02.12.2020 ലെ വിവരാവകാശ അപേക്ഷ 18.12.2020 ൽ വിവരാവകാശ നിയമം 2(എഫ്) വകുപ്പ് പ്രകാരം നിഷേധിച്ചത് ന്യായീകരിക്കത്തക്കതാണെന്ന് എന്നു കാണുന്നു. എതിർകക്ഷിയുടെ ഭാഗത്തു നിന്ന് മന:പൂർവ്വമായ വീഴ്ച വന്നിട്ടുള്ളതായി കമ്മീഷൻ കാണുന്നില്ല.

ഹർജിക്കാരന് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായി എന്നു പ്രസ്താവിക്കുന്ന സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൽ തുടർ നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ഒക്ടോബർ 30–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
dp